ഉത്തരം

(എ) ഫുട്ബോൾ താരമെന്ന നിലയിൽ കൈവരിച്ച നേട്ടങ്ങൾ പരിഗണിച്ച് കെ.എ.പി. ബറ്റാലിയനിലെ അസിസ്റ്റന്റ് കമാന്റണ്ടായ, മുൻ കേരള പോലീസ് ഫുട്ബോൾ താരം ശ്രീ. സി. വി. പാപ്പച്ചന് സർക്കാർ വക ഭൂമി സൗജന്യമായി നല്കിയിട്ടുണ്ട്. ഇത് റവന്യൂ വകുപ്പ് വഴിയാണ് നൽകിയിട്ടുള്ളത്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

38 (1506) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പോലീസ് ഹെഡ്ക്വാർട്ടേഴ്സ് മുതൽ പോലീസ് സ്റ്റേഷൻ വരെ കംപ്യൂട്ടർവൽക്കരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പോലീസ് സ്റ്റേഷൻതലം മുതൽ ഡി.ജി.പി. ഓഫീസ് വരെ കംപ്യൂട്ടറൈസ് ചെയ്യുവാൻ ഉദ്ദേശ്യമുണ്ട്. ഇതിനായി മോഡേണൈസേഷൻ സ്കീം 2001-02-ൽ 475.01 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഇത് ഘട്ടം ഘട്ടമായി നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പോലീസ് സേനയുടെ നവീകരണം

39 (1507) ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. മുരളി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി സംസ്ഥാന പോലീസ് സേനയെ ഏറ്റവും മെച്ചപ്പെട്ടതാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനുവേണ്ടി എന്തെല്ലാം വിധത്തിലുള്ള പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു ;

(സി) മൂന്നാംമുറ പ്രയോഗത്തിൽ നിന്ന് പിന്തിരിയുന്നതിനും ശാസ്ത്രീയ രീതികളവലംബിച്ച് കേസ്സുകൾക്ക് തുമ്പുണ്ടാക്കുവാനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്രഗവൺമെന്റ് ധനസഹായത്തോടു കൂടി സംസ്ഥാന പോലീസ് സേനയെ ഏറ്റവും ആധുനിക സൗകര്യങ്ങളുള്ള പോലീസ് സേനയാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) കേരളത്തിലെ പോലീസ് സേനയ്ക്ക് വളരെ മെച്ചപ്പെട്ട പരിശീലനം നൽകുവാനായി ആധുനിക സൗകര്യങ്ങളോടുകൂടിയ പോലീസ് അക്കാഡമി ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ ആധുനിക പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) മൂന്നാംമുറ പ്രയോഗങ്ങൾ കേരള പോലീസിൽ അവലംബിച്ചിട്ടില്ല. ശാസ്ത്രീയ കുറ്റാന്വേഷണ രീതികൾ വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി ഫോറൻസിക് സയൻസ് ലബോറട്ടറി, ഫിംഗർ പ്രിന്റ് ബ്യൂറോ, ഫോട്ടോഗ്രാഫിക് ബ്യൂറോ എന്നിവയ്ക്ക് നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറിക്കുവേണ്ടി 17 സ്റ്റീരിയോയും മൈക്രോസ്കോപ്പ്, കമ്പാരിയർ മൈക്രോസ്കോപ്പ്, വീഡിയോ സ്പെക്ടർ കംപാരറ്റർ മുതലായവയും, ഫോട്ടോഗ്രാഫിക് യൂണിറ്റിനുവേണ്ടി അംപ്രലാ ഫ്ളാഷ്, റിംഗ് ഫ്ളാഷ് എന്നീ അത്യാധുനിക ഉപകരണങ്ങൾ വാങ്ങി ഉപയോഗിച്ചുവരുന്നു.

പോലീസ് വകുപ്പിന്റെ വികസനത്തിന് ചെലവിട്ട തുക

40 (1508) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് വകുപ്പിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എത്രതുക വീതം ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര വാഹനങ്ങൾ വാങ്ങി എന്നും ഏതെല്ലാം തരത്തിലുള്ള വാഹനങ്ങളാണെന്നും അവ ഓരോന്നിനും എത്ര രൂപ വീതമെന്നും തരംതിരിച്ച് വെളിപ്പെടുത്തുമോ ;

(സി) കംപ്യൂട്ടർവൽക്കരണത്തിനായി എന്ത് തുകയാണ് ചെലവിടുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ശാസ്ത്രീയമായ രീതിയിൽ കേസ് അന്വേഷിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ഉപകരണങ്ങൾ വാങ്ങിയെന്നും അവയുടെ ഉപയോഗം എന്താണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് മോഡേണൈസേഷൻ സ്കീമിലും XI-ാം ധനകാര്യ കമ്മീഷൻ അവാർഡ് സ്കീമിലും 24-6-2003 വരെ ചെലവായ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly